(ബി, സി) വിതരണത്തിന് മുൻപ് തന്നെ ഗ്യാസ് സിലിണ്ടറിന്റെ തൂക്കം പരിശോധിച്ച് അതിന്റെ കൃത്യത ഓയിൽ കമ്പനികളും തന്നെ ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ വിതരണ ഏജൻസികളും ഗ്യാസ് സിലിണ്ടറിന്റെ തൂക്കം പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട് ഉപഭോക്താക്കളിൽ നിന്നും എന്തെങ്കിലും പരാതിയുണ്ടായാൽ ഓയിൽ കമ്പനികളും തക്ക സമയത്ത് അന്വേഷണം നടത്തി നടപടികളും കൈക്കൊള്ളുന്നുണ്ട്.

(ഡി) വിതരണ ഏജൻസികളിൽനിന്നും ഗ്യാസ് നിറച്ച സിലിണ്ടറുകളും പുറത്തുകൊണ്ടുപോകുന്നതിന് മുൻപ് തന്നെ ഏജൻസി ഉദ്യോഗസ്ഥൻമാർ സിലിണ്ടറുകൾക്ക് ലീക്കേജ് ഇല്ലെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇക്കാര്യം ഉപഭോക്താവിനും ബോദ്ധ്യപ്പെടുത്തിക്കൊടുക്കാറുണ്ട്.

(ഇ) ഗ്യാസ് ഉൽപ്പാദനവും വിതരണവും ഓയിൽ കമ്പനികളുടെ ചുമതലയിൽപ്പെട്ടതാണ്. ഇതിൽ സംസ്ഥാന സർക്കാരിന് കാര്യമായി എന്തെങ്കിലും ചെയ്യാനുള്ള അധികാരം ഉണ്ടെന്ന് തോന്നുന്നില്ല. ഓയിൽ കമ്പനികളും തന്നെ ഗ്യാസ് സിലിണ്ടറുകൾക്ക് ലീക്കേജ് ഇല്ല എന്ന് ഉറപ്പു വരുത്തണമെന്ന് എല്ലാ ഏജൻസികൾക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഓയിൽ കമ്പനികളും നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തരത്തിൽ വീഴ്ച കാണിക്കുന്ന ഏജൻസികൾക്കെതിരെ കർശനമായ നടപടികളും ഓയിൽ കമ്പനികളും തന്നെ കൈക്കൊള്ളുന്നുണ്ട്. ഉപഭോക്താവിന് കിട്ടേണ്ടുന്ന സേവനത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ കാണിക്കുന്ന ഏജൻസിയുടെ ലൈസൻസ് ഓയിൽ കമ്പനികൾ ഉടനെതന്നെ റദ്ദുചെയ്യുന്നുണ്ട്.

സ്റ്റേറ്റ് ഇൻഷ്വറൻസ് ജില്ലാ ഓഫീസുകൾ

*64 [64] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, നാലകത്ത് സൂപ്പി:
,, പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിന് ഏതെല്ലാം ജില്ലകളിലാണ് ജില്ലാ ഓഫീസുകൾ ഇല്ലാത്തത്;

(ബി) ജില്ലാ ഓഫീസുകൾ ഇല്ലാത്തതുമൂലം ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ കോടിക്കണക്കിന് രൂപ സംസ്ഥാനത്തിന് നഷ്ടപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ജില്ലാ ഓഫീസുകൾ ഇല്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കാൻ ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പ് മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, പാലക്കാട്, വയനാട്, കാസർകോഡ് എന്നീ ജില്ലകളിൽ ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിന്റെ ജില്ലാ ഓഫീസുകൾ പ്രവർത്തിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലാ ഓഫീസുകൾ ഇല്ലാത്തതുമൂലം ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ സംസ്ഥാനത്തിന് നഷ്ടം സംഭവിക്കുന്നില്ല.

(സി) ഇപ്പോൾ പാലക്കാട്ടും മലപ്പുറത്തും ഓരോ ജില്ലാഓഫീസുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ്.

കൊപ്ര സംഭരണം

*65 [65] ശ്രീ. കെ. ഇ. ഇസ്മയിൽ:

,, കെ. ആർ. ചന്ദ്രമോഹനൻ:

,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊപ്ര സംഭരണത്തിനുവേണ്ടി 31-5-1986 വരെ കേന്ദ്ര ഗവൺമെൻറ് മുഖേന ലഭിച്ച സംഖ്യ എത്ര;

(ബി) ഇതുവരെ സഹകരണ സ്ഥാപനങ്ങൾ മുഖേന സംഭരിച്ച കൊപ്ര എത്ര;

(സി) കൊപ്ര സംഭരണത്തിൽ സഹകരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ഗവൺമെൻറ് എന്ത് നടപടി സ്വീകരിച്ചു?

കൃഷി വകുപ്പ് മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) കൊപ്രാ സംഭരണത്തിനുവേണ്ടി കേരള സഹകരണ വിപണന ഫെഡറേഷൻ 10 കോടി രൂപയുടേയും നാഫെഡ് 20 കോടി രൂപയുടേയും വായ്പകൾ ബാങ്കുകളിൽ നിന്നും ലഭിക്കുകയുണ്ടായി. കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ ആവശ്യപ്പെട്ടതനുസരിച്ചാണ്, റിസർവ്വ് ബാങ്ക് ഇതിനുള്ള അനുമതി നൽകിയത്.

(ബി) 21,700 ടൺ.

(സി, ഡി) കൊപ്രാ സംഭരണത്തിലുണ്ടായ നഷ്ടം കണക്കാക്കി വരുന്നതേയുള്ളൂ. ഈ നഷ്ടം നികത്തി കൊടുക്കുന്നതാണെന്ന് ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രണ്ടരക്കോടി രൂപ ഈ ഇനത്തിൽ സംസ്ഥാന സഹകരണ വിപണന ഫെഡറേഷന് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ സംഘങ്ങൾക്കുള്ള ചിട്ടി നിയമത്തിന്റെ പരിധി

*66 [66] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിട്ടി നിയമത്തിന്റെ പരിധിയിൽ നിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സഹകരണ സംഘങ്ങളെ ചിട്ടി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയതുകൊണ്ടുള്ള പ്രയാസങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly